## കേരള സർവകലാശാല

## ഒന്നാം വർഷ ബിരുദ പ്രവേശനം

## എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സപ്ലിമെന്ററി അലോട്ട്മെന്റിലേക്ക് പുതിയ ഓപ്ഷൻസ് നൽകുന്നതിന് അവസരം.

- കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് എയ്ഡഡ് (Aided) കോളേജുകളിലെ ബിരുദ കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് വഴി 05.08.2023 മുതൽ 10.08.2023 വരെ പുതിയ ഓപ്ഷൻസ് നൽകാവുന്നതാണ്.
- പുതുതായി ഓപ്ഷൻസ് നൽകുന്ന വിദ്യാർത്ഥികളെ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട സപ്ലിമെന്ററി അലോട്ട്മെന്റിലേക്ക് പരിഗണിക്കുകയുള്ളൂ.
- നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്തവരും, നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത ശേഷം ഹയർ ഓപ്ഷൻ നിലനിർത്തിയവരും, അഡ്മിഷൻ എടുത്ത ശേഷം കോളേജിൽ നിന്നും ടിസി വാങ്ങിയവരും, പല ഘട്ടങ്ങളിൽ അഡ്മിഷൻ പ്രക്രിയയിൽ നിന്നും പുറത്തായവരും, കമ്മ്യൂണിറ്റി ക്വാട്ട അപേക്ഷ നൽകി അലോട്ട്മെന്റ് ലഭിക്കാത്തവരും ഉൾപ്പെടെ എല്ലാവരും പുതുതായി കമ്മ്യൂണിറ്റി ക്വാട്ട ഓപ്ഷൻസ് നൽകിയാൽ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട സപ്ലിമെന്ററി അലോട്ട്മെന്റിലേക്ക് പരിഗണിക്കുകയുള്ളൂ.
- കമ്മ്യൂണിറ്റി ക്വാട്ട ഒഴിവുകൾ 08.08.2023-ന് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.